A

602

# വാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 6

## കേരളപാഠാവലി

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 : വിശകലനക്കുറിപ്പ്**

മാധവൻ അയ്യപ്പത്തിന്റെ 'സാധ്യമെന്ത്' എന്ന കവിത പഠിച്ചല്ലോ. ഓരോ നിമിഷവും പുതിയ കാഴ്ച ഒരുക്കി പ്രകൃതി നമ്മോട് അടുക്കാൻ ശ്രമിക്കുന്നു. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ മുതിർന്നവർക്ക് ഇവ ശ്രദ്ധിക്കുവാൻ നേരമില്ല. എന്നാൽ കുട്ടികൾ ഇതൊക്കെ അനുഭവിക്കുന്നു.

ഒരു കവിത വായിക്കൂ

**മോഹം**

എനിക്കൊരു മോഹം ഇനിയുള്ള കാലം
ഒരു മഞ്ഞു തുള്ളിയായ് മാറാൻ;
സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന
ഒരു കുഞ്ഞുതുള്ളിയായ് മാറാൻ;
ആകാശത്തങ്ങനെ കാവടി തീർക്കുന്ന
മാരിവില്ലായൊന്നു മാറാൻ;
ചാറ്റൽമഴയത്ത് നൃത്തം ചവിട്ടുന്ന
അഴകുള്ള മയിലായി മാറാൻ;
കുഞ്ഞിളം കാറ്റിൽ താലോലമാടുന്ന
ഒരു കൊച്ചു പുഷ്പമായ് മാറാൻ
അതിനുള്ളിൽ നുരയുന്ന നറുതേൻ നുകരാൻ
ഒരു ചിത്രശലഭമായ് മാറാൻ

(രഹ്ന റിനു കെ. കെ, നാലാം തരം)

സാധ്യമെന്ത്, മോഹം എന്നീ കവിതകളിലെ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.

**പ്രവർത്തനം 2 : കത്ത്**

"കൊച്ചു നദികൾ പോലും എഴുത്തുകാരന്റെ മനസ്സിനെ ചലിപ്പിക്കുന്നു. പുഴ കരകളെ അടുപ്പിക്കുന്നു. മനുഷ്യരെ സമൂഹജീവികളാക്കി മാറ്റുന്നു. പുഴകൾ വറ്റിയാൽ മനുഷ്യജീവിതം വറ്റുന്നു. മനുഷ്യവംശത്തിൽ നിന്നും സംസ്കാരം ഊർന്നു പോകുന്നു." **(പുഴകൾ ദേവതകൾ - എൻ.പി.മുഹമ്മദ്)**

പുഴയ്ക്ക് മനുഷ്യജീവിതവുമായി അത്രയേറെ ഇഴുകിച്ചേർന്ന ബന്ധമാണുള്ളത്. ഇന്ന് പുഴ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? പുഴയ്ക്ക് എന്തൊക്കെ പറയാനുണ്ടാകും....?

- സന്തോഷം നിറഞ്ഞ നാളുകൾ
- മനുഷ്യന് നൽകുന്ന സേവനങ്ങൾ
- മനുഷ്യൻ കാട്ടുന്ന ക്രൂരത
- പുഴയുടെ വേദന.....

എ. എല്ലാം പുഴ ഒരു കത്തിലൂടെ കുട്ടിയോട് പറയുകയാണ്. പുഴ എഴുതുന്ന കത്ത് തയാറാക്കുക.

ബി. 'മണൽ വാരിയാൽ പുഴയുടെ അടിയിലെ പുഴ വറ്റും' - ഒരു കർഷകന്റെ അഭിപ്രായമാണ്. ഈ വാക്യത്തോട് യോജിക്കുന്ന പ്രസ്താവന തിരഞ്ഞെടുക്കുക.

1. പുഴയിൽ മാലിന്യങ്ങൾ നിറയും
2. പുഴയുടെ ജല സംഭരണ ശേഷി കുറയും
3. പുഴയിലെ നീരൊഴുക്ക് കൂടും

**പ്രവർത്തനം 3 : വർണന**

'ചിത്രശലഭങ്ങൾ' എന്ന നാടകത്തിലൂടെ നിങ്ങൾ കാടു കണ്ടു. "കാട്ടു പൂഞ്ചോലയുടെ കുളിരും പുൽമേടിന്റെ മനോഹാരിതയും അടുത്തറിഞ്ഞു. പകൽവെട്ടം വീഴാത്ത തമാല വനങ്ങൾ..... ഇരുണ്ട ഗുഹാന്തരങ്ങൾ...." മരങ്ങളും കിളികളും മൃഗങ്ങളും നിറഞ്ഞ കാട്... എത്ര സുന്ദരമായിരിക്കും...! കാട് ഒന്ന് ഭാവനയിൽ കാണൂ.... എന്തെല്ലാം ശബ്ദങ്ങൾ....! എന്തെല്ലാം കാഴ്ചകൾ.... കാടിനെക്കുറിച്ച് ഒരു വർണന തയാറാക്കൂ............

**പ്രവർത്തനം 4 : ജീവചരിത്രക്കുറിപ്പ്**

'ഓടയിൽ നിന്ന്' എന്ന നോവൽ എഴുതിയ പി.കേശവദേവിനെക്കുറിച്ച് കൂടുതൽ അറിയാം.

- ജനനം - 1904 ജൂലൈ 20, വടക്കൻ പറവൂരിൽ
- മരണം - 1983 ജൂലൈ 1
- പ്രശസ്ത നോവലിസ്റ്റ്, ചെറുകഥാകൃത്ത്, നാടകകൃത്ത്
- തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തകൻ
- സാഹിത്യമല്ല, ജീവിതമാണെന്റെ പ്രശ്നം എന്ന കാഴ്ചപ്പാട്

- നോവലുകൾ - ഓടയിൽ നിന്ന്, അയൽക്കാർ, ഭ്രാന്താലയം,........
- കഥകൾ - തെരഞ്ഞെടുത്ത കഥകൾ, ഉഷസ്സ്, അന്നത്തെ നാടകം........
- നാടകം - തറവാട്
- ആത്മകഥ - തിരിഞ്ഞുനോട്ടം

ഇവയോട് ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും കൂട്ടിച്ചേർത്ത് പി.കേശവദേവിന്റെ ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

പ്രവർത്തനം 5 : ഉപന്യാസം

നവോത്ഥാന നായകനായ ശ്രീ.നാരായണഗുരുവിന്റെ ശ്രമഫലമായി ഒട്ടേറെ സാമൂഹ്യമാറ്റങ്ങൾ കേരളത്തിലുണ്ടായെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. നാം ജീവിക്കുന്ന ഇക്കാലത്തും നിരവധി സാമൂഹ്യപ്രശ്നങ്ങൾ നിലനിൽക്കുന്നില്ലേ?

- ♦ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടവ എതെല്ലാം?
- ♦ ഇവ ഇല്ലാതാക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാവും?

എ. സ്വന്തം അഭിപ്രായങ്ങൾ ഉൾപ്പെടുത്തി "സാമൂഹ്യപരിഷ്കരണത്തിൽ വിദ്യാർഥികളുടെ പങ്ക് " എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക

ബി. താഴെക്കൊടുത്തവയിൽ ശ്രീനാരായണഗുരുവിന്റേതല്ലാത്ത വചനം ഏത്?

1. ജാതിചോദിക്കരുത്, ചിന്തിക്കരുത്, പറയരുത്
2. വിവാഹത്തിന് അധികം പണം ചെലവാക്കരുത്
3. ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ.
4. കെട്ടു കല്ല്യാണം നിർത്തലാക്കണം.